II ഇ.ബി. XIII- കേരള നിയമസഭ/XV-9

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 15, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

21 (*241) സ്വകാര്യ ഏജൻസികൾ മുഖേനയുള്ള പരീക്ഷാ നടത്തിപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ലെന്നും

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ നടപ്പിലാക്കാനിരുന്ന 'വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം' അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ടെന്നും യുണിവേഴ്സിറ്റി/സർക്കാർ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുവരെ പരമ്പരാഗത പരീക്ഷാ സമ്പ്രദായം തുടരുന്നതാണെന്നും സഭയെ അറിയിച്ചു. പരീക്ഷാ നടത്തിപ്പ് സമയബന്ധിതമാക്കാനും അതാത് സെമസ്റ്ററുകളിൽത്തന്നെ ഫലം പ്രസിദ്ധീകരിക്കുന്നതിനുംവേണ്ടിയാണ് പതിനൊന്നംഗ വിദഗ്ദ്ധ സമിതി ഇ-ടെൻഡറിലൂടെ സാങ്കേതിക സംവിധാനങ്ങളൊരുക്കുന്നതിനു മാത്രമായി സ്വകാര്യ കമ്പനിയെ തെരഞ്ഞെടുത്തത്. ചോദ്യപേപ്പർ തയ്യാറാക്കലും ഉത്തര ക്കടലാസിന്റെ മൂല്യനിർണ്ണയവും അദ്ധ്യാപകർതന്നെ കൈകാര്യം ചെയ്യുമെന്നും പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും പരീക്ഷാ കൺട്രോളറുടെ ചുമതലയിലായിരിക്കുമെന്നും ഏജൻസി മുഖാന്തിരമുള്ള പരീക്ഷാ നടത്തിപ്പ് വിദ്യാഭ്യാസ മികവിനെ ബാധിക്കുകയില്ലെന്നും മന്ത്രി വ്യക്തമാക്കി. ഭരണസമിതിയിൽ എം.എൽ.എ.മാരെ ഉൾപ്പെടുത്തുന്നതാണെന്നും അടുത്ത അദ്ധ്യയന വർഷം മുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22(*242) ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന പദ്ധതി പ്രകാരം ഒന്നിൽക്കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കാനും ഭരണപരമായ അസൗകര്യങ്ങൾ ഒഴിവാക്കി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യാനും കഴിയുമെന്ന് സഭയെ അറിയിച്ചു. 31 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ചതിൽ 29 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്; ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി വില്ലേജുകളുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിപ്രകാരം 17299984 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം തിരുവനന്തപുരത്തെ 17 വില്ലേജുകളിൽ ആരംഭിച്ചിട്ടുണ്ടെന്നും 420 വില്ലേജുകളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി 33 സ്മാർട്ട് വില്ലേജ് ഓഫീസുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 148119 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള പട്ടയങ്ങൾ വിതരണം

ചെയ്യുന്നതിനും സർവ്വേ നമ്പറുകൾ തിരുത്തി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2829 മുതൽ 3202 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)